LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം

279 (2154) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലാ ജയിലിനോട് ചേർന്ന് പോലീസ് വകുപ്പിന്റെ വയർലെസ്സ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലം ജയിൽ വകുപ്പിന് കൈമാറാനുള്ള നടപടികൾ പൂർത്തിയായോ ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സമെന്താണ് ; എന്നത്തേക്ക് നടപടി പൂർത്തീകരിക്കും ; വ്യക്തമാക്കാമോ ;

(ബി) ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പോലീസ് വകുപ്പിന്റെ കൈവശമുള്ളതും നിലവിൽ ജയിൽ സ്ഥിതി ചെയ്യുന്നതുമായ 69 സെന്റ് സ്ഥലവും, വയർലെസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന സ്ഥലത്തുനിന്നും 36 സെന്റും ഉൾപ്പെടെ 1.05 ഏക്കർ സ്ഥലം ജയിൽ വകുപ്പിന് കൈമാറുന്നതിന് പോലീസ് വകുപ്പിൽ നിന്നും എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്. സ്ഥലം ജയിൽ വകുപ്പിന് കൈമാറുന്നതിനായി റവന്യൂ വകുപ്പുമായി കൂടിയാലോചിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

ജയിലിലെ മെയിൽ വാർഡൻമാരുടെ ഒഴിവുകൾ

280 (2155) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിൽ ചട്ട പ്രകാരം ജീവനക്കാരും തടവുകാരും തമ്മിലുള്ള അനുപാതം എത്രയാണ് ;

(ബി) തിരുവനന്തപുരം യൂണിറ്റിൽ ജയിൽ ചട്ട പ്രകാരം ഇപ്പോഴുള്ള തടവുകാർക്ക് ആനുപാതികമായി എത്ര മെയിൽ വാർഡൻ (അസിസ്റ്റന്റ് പ്രിസൺ ആഫീസർ)മാരുടെ കുറവാണുള്ളത് ;

(സി) ജയിലുകളുടെ അവസ്ഥ പഠിച്ച നിയമസഭാ സമിതി തിരുവനന്തപുരം യൂണിറ്റിൽ കണ്ടെത്തിയ ഒഴിവുകൾ എത്രയാണ് ;

(ഡി) സ്ഥിരമായി എത്ര അസിസ്റ്റന്റ് പ്രിസൺ ആഫീസർമാർ നിലവിൽ തിരുവനന്തപുരം യൂണിറ്റിൽ ജോലി ചെയ്യുന്നു ?